(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ കള്ള് ഷാപ്പുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. 106 വിദേശമദ്യഷാപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല		എണ്ണം
തിരുവനന്തപുരം	:	15
കൊല്ലം	:	10
പത്തനംതിട്ട	:	5
ആലപ്പുഴ	:	6
കോട്ടയം	:	9
ഇടുക്കി	:	14
എറണാകുളം	:	6
തൃശ്ശൂർ	:	12
പാലക്കാട്	:	10
മലപ്പുറം	:	2
കോഴിക്കോട്	:	3
വയനാട്	:	3
കണ്ണൂർ	:	6
കാസർഗോഡ്	:	5
ആകെ		**106**

(സി) 17-6-2003-ലെ സ. ഉ. (എം. എസ്.) നമ്പർ 96/03/നി.വ. പ്രകാരം കെ.എസ്.ബി.സി. ക്ക് 51 പുതിയ മദ്യഷാപ്പുകൾ അനുവദിച്ചിട്ടുണ്ട്.

പുതിയ വിദേശമദ്യ ഷാപ്പുകൾ

50 (1104) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി വിദേശമദ്യഷാപ്പുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര സ്ഥലങ്ങളിൽ പുതിയതായി വിദേശ മദ്യഷാപ്പുകൾ തുടങ്ങുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പുതിയതായി എത്ര മദ്യഷാപ്പുകളും ബാറുകളും ഡിസ്റ്റിലറികളും ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ; ഏതൊക്കെ സ്ഥലങ്ങളിലാണ് ഇവ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ രണ്ടു വർഷമായി വിദേശ മദ്യ വ്യാപാരം, ബാർ ഹോട്ടലുകൾ ഡിസ്റ്റിലറികൾ എന്നിവയിൽ നിന്നും വിവിധ ഇനം നികുതികളായി സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. കെ.എസ്.ബി.സി. ക്ക് 17-6-2003-ലെ ഉത്തരവനുസരിച്ച് 51 പുതിയ വിദേശമദ്യഷാപ്പുകൾ 51 സ്ഥലങ്ങളിലായി അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

(സി) 55 വിദേശ മദ്യ ഷാപ്പുകളും 34 ബാർ ഹോട്ടലുകളും പുതിയതായി ആരംഭിച്ചിട്ടുണ്ട്. ഡിസ്റ്റിലറികൾ ഒന്നും തന്നെ പുതിയതായി ആരംഭിച്ചിട്ടില്ല. വിദേശ മദ്യഷാപ്പുകൾ ആരംഭിച്ച സ്ഥലങ്ങൾ അനുബന്ധം ഒന്നിലും,* ബാറുകൾ അനുവദിച്ചസ്ഥലങ്ങൾ രണ്ടിലും ചേർത്തിട്ടുണ്ട്.* പുതുതായി അനുവദിച്ച 51 വിദേശ മദ്യഷാപ്പുകൾ പ്രവർത്തനം തുടങ്ങിയിട്ടില്ല.

(ഡി) വിദേശ മദ്യത്തിന്റെയും ബിയറിന്റെയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 2001-2002 വർഷത്തിൽ 2,91,00,19,556 രൂപയും 2002-03 വർഷത്തിൽ 318,64,98,801 രൂപയും ലഭിച്ചിട്ടുണ്ട്. കൂടാതെ വിദേശ മദ്യവ്യാപാരത്തിൽ സെയിൽസ് ടാക്സ്, ടേൺ ഓവർ ടാക്സ് എന്നീ ഇനത്തിൽ 2001-02-ൽ 881 കോടി രൂപയും 2002-03-ൽ 1031.68 കോടിരൂപയും ലഭിച്ചിട്ടുണ്ട്. ബാർ ഹോട്ടലുകൾ, ഡിസ്റ്റിലറികൾ എന്നിവയിൽ നിന്നുള്ള നികുതി വരുമാനത്തിന്റെ വിവരം ശേഖരിച്ചു വരുന്നു.

വിദേശമദ്യ ഷാപ്പുകൾ

51 (1105) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൂടുതൽ വിദേശ മദ്യഷാപ്പുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly